## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.04.2026**

### പ്രധാനവാർത്തകൾ

1. പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഇന്ന്. വോട്ടെടുപ്പിന് മുന്നോടിയായി, എസ്.ഐ.ആർ പ്രക്രിയയുമായി ബന്ധപ്പെട്ട ഹർജികളിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും.

2. ഇന്ന് ജാലിയൻവാല ബാഗ് ദിനം. ആദരാഞ്ജലികൾ അർപ്പിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

3. കണ്ണൂർ ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. പ്രതികളായ അധ്യാപകരെ പുറത്താക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥി-യുവജന സംഘടനകൾ നടത്തിയ മാർച്ചിൽ സംഘർഷം.

4. ശബരിമല സന്നിധാനത്ത് വിഷു ദർശനത്തിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. മറ്റന്നാൾ വിഷുപൂജ.

5. സംസ്ഥാനത്ത് ചൂട് കൂടുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്-രാജസ്ഥാൻ റോയൽസിനെ നേരിടും.

******************************

PNU TVPM

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാലുദിവസത്തെ ഗുജറാത്ത്- മഹാരാഷ്ട്ര സന്ദർശനത്തിനു ഇന്ന് തുടക്കം. ഇന്ന് രാജ്കോട്ട് എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷികത്തോട് അനുബന്ധിച്ച് ഗാന്ധിനഗറിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കുചേരും. ബുധനാഴ്ച നാഗ്പുർ എയിംസിന്റെ രണ്ടാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി, ഇന്ത്യൻ റവന്യൂ സർവീസ് 78-ാം ബാച്ച് ഓഫീസർ ട്രെയിനികളുടെ പരിശീലന സമാപന ചടങ്ങിലും പങ്കെടുക്കും.

******************************

## പശ്ചിമബംഗാൾ-തിരഞ്ഞെടുപ്പ്

PNU TVPM

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഇന്ന്. ഈ മാസം 29-നാണ് വോട്ടെടുപ്പ്. കേന്ദ്ര ആഭ്യന്തരമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ അമിത്ഷാ , തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി തുടങ്ങിയവർ ഇന്ന് വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പ്രചാരണം ഊർജിതമാണ്.

******************************

## ഇലക്ഷൻ കമ്മീഷൻ - പശ്ചിമ ബംഗാൾ

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർമാരായ ഗ്യാനേഷ് ഭാരതിയും പവൻ കുമാർ ശർമ്മയും ഇന്ന് പശ്ചിമ

ബംഗാൾ സന്ദർശിക്കുന്നു. മൂന്ന് ദിവസത്തെ സന്ദർശന വേളയിൽ ഇരുവരും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, പോലീസ് കമീഷണർമാർ, നിരീക്ഷകർ എന്നിവരുമായി കൂടിക്കാഴ്ച നടത്തും. ചീഫ് ഇലക്ടറൽ ഓഫീസറുടെ ഓഫീസിലെ മുതിർന്ന ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തും.

******************************

## പശ്ചിമ ബംഗാൾ -എസ് ഐ ആർ

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി, എസ്.ഐ.ആർ പ്രക്രിയയുമായി ബന്ധപ്പെട്ട ഹർജികളിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. ട്രൈബ്യൂണൽ അംഗീകരിച്ചവർക്ക് വോട്ട് ചെയ്യാൻ അനുമതി നൽകണമെന്നും, പട്ടികയിലുള്ള എല്ലാ വോട്ടർമാർക്കും തങ്ങളുടെ അവകാശം വിനിയോഗിക്കാൻ സാഹചര്യം ഒരുക്കണമെന്നും ആവശ്യപ്പെട്ട് കഴിഞ്ഞ വെള്ളിയാഴ്ച കോടതിയിൽ പുതിയ ഹർജി സമർപ്പിക്കപ്പെട്ടിരുന്നു

RNU TVPM

******************************

## പോളിംഗ്–പ്രതിപക്ഷനേതാവ്

സംസ്ഥാനത്തെ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള പോളിംഗ് ശതമാന കണക്ക് ഉൾപ്പെടെയുള്ള വിവരങ്ങൾ അടിയന്തരമായി പുറത്തുവിടണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ കത്ത് നൽകി. പോളിംഗ് ശതമാനവും തപാൽവോട്ടിംഗ് സംബന്ധിച്ച കണക്കുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യത ഉറപ്പാക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടു. വോട്ടുകളുടെ അന്തിമ കണക്ക് പുറത്തുവിടാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകാത്തത്

തികച്ചും അസ്വാഭാവികമാണെന്ന് മന്ത്രി വി ശിവൻകുട്ടി കുറ്റപ്പെടുത്തി.

*****************************

## രാഷ്ട്രപതി- ജാലിയൻവാല ബാഗ്

ഇന്ന് ജാലിയൻവാല ബാഗ് ദിനം. 1919-ൽ ഇതേ ദിവസമാണ് പഞ്ചാബിലെ അമൃത്സറിൽ ജാലിയൻ വാലാബാഗ് കൂട്ടകൊല നടന്നത്. ജാലിയൻ വാലാബാഗ് രക്തസാക്ഷികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ഉൾപ്പെടെയുള്ളവർ ആദരാഞ്ജലികൾ അർപ്പിച്ചു.

*****************************

RNU TVPM

## സ്വച്ഛ് സർവേക്ഷൺ-പാലക്കാട് (ഇൻട്രോ)

സ്വച്ഛ് സർവേക്ഷൺ ശുചിത്വ റാങ്കിങ്ങുമായി ബന്ധപ്പെട്ട് പൊതു ഇടങ്ങളിൽ ചിത്രങ്ങൾ വരച്ച് ശുചിത്വം സന്ദേശം നൽകി പാലക്കാട് നഗരസഭ. റാങ്കിങ്ങിൽ കഴിഞ്ഞ വർഷങ്ങളിലെ നില മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........**

(വോയ്സ്)

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് ചൂട് കൂടുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം , ഇടുക്കി, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കണ്ണൂർ , കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

*****************************

## ചൂട്–വ്യാജ പ്രചാരണങ്ങൾ

ഏപ്രിൽ 29 മുതൽ മെയ് 12 വരെ താപനില 45 ഡിഗ്രി മുതൽ 55 ഡിഗ്രി വരെ ഉയരും എന്നുകാട്ടി സിവിൽ ഡിഫൻസ് വകുപ്പ് എന്ന പേരിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. കേരളത്തിൽ താപനില 54 ഡിഗ്രി ആകുമെന്ന് പ്രവചനം കേന്ദ്ര കാലാവസ്ഥ വകുപ്പും പുറത്തിറക്കിയിട്ടില്ല. വ്യാജ പ്രചാരണങ്ങൾ ദുരന്ത നിവാരണ നിയമപ്രകാരം ശിക്ഷാർഹമാണെന്നും അതോറിറ്റി വാർത്താക്കുറിപ്പിൽ പറഞ്ഞു.

RNU TVPM

*****************************

## ആപ്പിൾ വസന്തം-ഇടുക്കി (ഇൻട്രോ)

കേരളത്തിലെ ഏക ആപ്പിൾ ഗ്രാമമായ കാന്തല്ലൂർ താഴ്വാരങ്ങളിൽ ആപ്പിൾ വസന്തത്തിന് തുടക്കമായി. തണുത്ത കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ മരങ്ങൾ പൂവിട്ടു തുടങ്ങിയതോടെ സഞ്ചാരികളുടെ തിരക്കേറുകയാണ്. ഇന്ത്യയിലെ മികച്ച ടൂറിസം വില്ലേജിനുള്ള പുരസ്കാരം നേടിയ കാന്തല്ലൂരിൽ ഇത്തവണ മികച്ച വിളവാണ് കർഷകർ പ്രതീക്ഷിക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.**

(വോയ്സ്........)

******************************

## ആശ ഭോസ്ലേ

പിന്നണി ഗായിക ആശ ഭോസ്ലേയുടെ സംസ്കാരം ഇന്ന് വൈകിട്ട് നാലിന് മുംബൈ ശിവാജി പാർക്കിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടക്കും. ആശ ഭോസ്ലേയുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, സ്പീക്കർ ഓം ബിർല, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ അനുശോചനം അറിയിച്ചു. ഇന്നലെ ഉച്ചയ്ക്ക് മുംബൈയിലാണ് ആശ ഭോസ്‌ലെ അന്തരിച്ചത്. 92 വയസായിരുന്നു.

******************************

## നിതിൻ രാജ് മരണം- അന്വേഷണം

കണ്ണൂർ ദന്തൽ കോളേജിലെ ഒന്നാം വർഷ ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിന് പ്രത്യേക സംഘത്തിന് രൂപം നൽകി. ജില്ലാ സൈബർ പോലീസിലെ വിദഗ്ധസംഘം ഉൾപ്പെടെയുള്ള ഏഴംഗ സംഘമാണ് അന്വേഷിക്കുന്നത്. കണ്ണൂർ എ.സി.പി ഹരിപ്രസാദിനാണ് അന്വേഷണ ചുമതല. അതേസമയം നിതിൻ രാജിന്റെ മരണത്തിൽ കുറ്റക്കാരായ എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഇന്ന് നിതിൻ രാജിൻറെ വീട് സന്ദർശിച്ചു.

******************************

RNU TVPM

## നിതിൻരാജ് - കെ എസ് യു

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കൊളേജിലെ ബി ഡി എസ് വിദ്യാർഥി നിതിൻരാജ് മരിച്ച സംഭവത്തിൽ പ്രതികളായ അധ്യാപകരെ പുറത്താക്കണമെന്നാവശ്യപ്പെട്ട് വിവിധ വിദ്യാർത്ഥി-യുവജന സംഘടനകൾ നടത്തിയ മാർച്ചിൽ സംഘർഷം. കെ എസ് യു, യുവമോർച്ച, ജനാധിപത്യ മഹിളാ അസോസിയേഷൻ ഉൾപ്പെടെയുള്ള സംഘടനകളാണ് മാർച്ച് നടത്തിയത്. കെ എസ് യു സംസ്ഥാന വൈസ് പ്രസിഡൻ്റ് മുഹമ്മദ് ഷമ്മാസ്, സംസ്ഥാന സെക്രട്ടറി ഫർഹാൻ മുണ്ടേരി, ഉൾപ്പെടെയുള്ളവരെ അറസ്റ്റ് ചെയ്ത് നീക്കി.

******************************

## വിഷുക്കണി-പത്തനംതിട്ട(ഇൻട്രോ)

ശബരിമല സന്നിധാനത്ത് മറ്റന്നാൾ വിഷുപൂജകൾ നടക്കും. വിഷു ദിനത്തിൽ പുലർച്ചെ നാലിനു നടതുറന്ന് വിഷുക്കണി ദർശനം ലഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

**(വോയ്സ്)**

******************************

## തൃശൂർ പൂരം-കാൽനാട്ടുകർമ്മം

വിശ്വപ്രസിദ്ധമായ തൃശൂർ പൂരം ഈ മാസം 26 ന്. തൃശൂർ പൂരത്തിന്റെ വരവറിയിച്ച് തിരുവമ്പാടി വിഭാഗത്തിന്റെ നടുവിലാൽ, നായ്ക്കനാൽ പന്തലുകളുടെ കാൽനാട്ടുകർമ്മം ഇന്നലെ നടന്നു. ഭൂമി പൂജയോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. 20-ന് പൂരം കൊടിയേറ്റം നടക്കും. 24-ന് സാമ്പിൾ വെടിക്കെട്ട് ഉണ്ടാകും.

RNU TVPM

******************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -രാജസ്ഥാൻ റോയൽസിനെ നേരിടും. വൈകുന്നേരം 7:30 ന് ഹൈദരാബാദിലാണ് മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- മുംബൈ ഇന്ത്യൻസിനെയും, ഗുജറാത്ത് ടൈറ്റൻസ്- ലഖ്നൗ സൂപ്പർ ജയന്റ്സിനെയും പരാജയപ്പെടുത്തി.

******************************

## കായംകുളം– പൊലീസ്

കായംകുളത്ത് അപകടത്തിൽപ്പെട്ട യുവതി ലൈംഗിക അതിക്രമത്തിന് ഇരയായ സംഭവത്തിൽ പൊലീസിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് ജില്ലാ പൊലീസ് മേധാവി എം പി മോഹനചന്ദ്രൻ. ഓ.പിയിൽ കാണിച്ചപ്പോൾ യുവതി അതിക്രമത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. ഇരയ്ക്ക് വൈദ്യപരിശോധന നടത്തിയിട്ടുണ്ട്. ആശുപത്രിയിൽ ഭീഷണിപ്പെടുത്തിയെങ്കിൽ കൂടുതൽ വകുപ്പുകൾ ചുമത്തുമെന്നും പൊലീസിന് ഒന്നും മറയ്ക്കാനില്ലെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

RNUTVPM

******************************

## ഇറാൻ - ഇന്ത്യ നയതന്ത്രം

ഇന്ത്യ, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങൾ സമാധാനം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്ന് മുംബൈയിലെ ഇറാൻ കോൺസൽ ജനറൽ സയീദ് റെസ മൊസയേബ് മോട്ട്ലാഗ്. നയതന്ത്രത്തിലും സൈനിക ഇടപെടൽ ഒഴിവാക്കുന്നതിലും ഇന്ത്യ പുലർത്തുന്ന പ്രതിബദ്ധതയെ അദ്ദേഹം പ്രശംസിച്ചു. ഈ രാജ്യങ്ങൾ സമീപകാല അമേരിക്കൻ നടപടികളെ പിന്തുണയ്ക്കുന്നില്ലെന്നും, പകരം സ്ഥിതിഗതികൾ സുസ്ഥിരമാക്കുക

എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചതെന്നും മോട്ട്ലാഗ് പറഞ്ഞു.

******************************

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 882 പോയിന്റ് നഷ്ടത്തിൽ 76,668 ലും, നിഫ്റ്റി 250 പോയിന്റ് താഴ്ന്ന് 23,800-ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കുറഞ്ഞു. പവന് 280 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 11,800 രൂപയും ഗ്രാമിന് 13,975 രൂപയുമാണ് ഇന്നത്ത വില.

*********************************************************************
********************

RNU TVPM